**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2745** **12-07-2022 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമപദ്ധതികളിൽ ഉൾപ്പെടുത്തിയ കോളനികളുടെ നവീകരണ പ്രവർത്തികൾ വൈകുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | • അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയ കോളനികളുടെ നവീകരണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഈ സർക്കാർ വലിയതോതിലുള്ള ഇടപെടലാണ് നടത്തി വരുന്നത്. ഇതിന്റെ ഭാഗമായി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ട് തവണ അവലോകന യോഗങ്ങൾ ചേരുകയും പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിൽ വലിയ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. നിലവിൽ ഡയറക്ടറേറ്റ് തലത്തിൽ പദ്ധതി അവലോകനയോഗങ്ങൾ കൃത്യമായി നടത്തുന്നുണ്ട്. ജില്ലാ കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിൽ നിർമ്മാണ ഏജൻസികളുടെ ജില്ലാതല യോഗങ്ങൾ വിളിച്ച് ചേർത്ത് പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതി പൂർത്തീകരണത്തിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.<br>• ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ, ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ എന്നിവർ ഇടപെട്ട് ഫീൽഡ്തല പ്രശ്നങ്ങൾ യഥാസമയം പരിഹരിച്ചുവരുന്നു. |
| (ബി) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ | (ബി) | അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം പ്രസ്തുത |

| | | | | |
|---|---|---|---|---|
| | അനുവദിച്ച അംബേദ്കർ ഗ്രാമ പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വന്ന കാലതാമസം എന്തെന്ന് വിശദമാക്കാമോ? | | | മണ്ഡലത്തിൽനിന്നും 2016-17 സാമ്പത്തിക വർഷം ഉൾപ്പെടുത്തിയ ഭാസ്കർ നഗർ കോളനി, പൂഴിക്കുന്ന് പനവിളാകം കോളനി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഉൾപ്പെടുത്തിയ വെട്ടുവിള കോളനിയിലെ മോണിറ്ററിംഗ് കമ്മറ്റി മിനിറ്റ്സിലെ ന്യൂനത കാരണവും 2020-21 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത ആറയൂർ മച്ചിംഗവിളാകം കോളനിയിലെ എസ്റ്റിമേറ്റിലെ ന്യൂനത കാരണവും പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ